# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## ജ്ഞാനോദയം യു.പി.സ്കൂൾ
## ചിറ്റണ്ട

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ
അടിസ്ഥാനത്തിൽ

# വിദ്യാലയ ചരിത്രം

വടക്കാഞ്ചേരിയിൽ നിന്നും 6 കിലോമീറ്റർ ദൂരത്തിൽ പച്ചപ്പുതപ്പണി-ഞ്ഞു നിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് ചിറ്റണ്ട. തെങ്ങുകളും, കവുങ്ങു-കളും കുടപിടിച്ചുനിൽക്കുന്ന ഒരു കൊച്ചു ഗ്രാമമാണ് ഇത്. മലകളുടെ അടിവാരത്തിൽ പ്രകൃതിയുടെ മടിയിൽ കിടന്നുറങ്ങുന്ന ഒരു ഗ്രാമസുന്ദരി യാണ് ഈ കൊച്ചുഗ്രാമമായ ചിറ്റണ്ട.

ആദ്യകാലത്ത് ഇവിടെ സ്കൂൾ ഉണ്ടായിരുന്നില്ല. ഓലമേഞ്ഞ ഒരു ഷെഡിലായിരുന്ന സ്ക്കൂൾ ആരംഭിച്ചത്. പിന്നീട് 1951-52 ൽ കുറെ ചെറുപ്പ ക്കാർ സംഘടിച്ച് ഒരു വായനശാലക്ക് രൂപം നൽകി. ഈ വായനശാലയുടെ കീഴിൽ ആരംഭിച്ച സ്കൂളാണ് ഇന്നത്തെ ജ്ഞാനോദയം യു.പി.സ്ക്കൂൾ. കേരളത്തിൽ തന്നെ വായനശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഏക വിദ്യാലയവും ഈ സ്കൂൾ മാത്രമാണ്. ഈ നാട്ടിലെ അനേകം നല്ലവരായ വ്യക്തികളുടെ ശ്രമഫലമായി 1954 ജൂൺ 10 ന് സ്ക്കൂൾ പ്രവർത്തനമാരം ഭിച്ചു. അതുവരെ കുണ്ടന്നൂർ സ്ക്കൂളിലാണ് ഇവിടെയുള്ളവർ പഠിച്ചിരുന്നത്. ജന്മിയുടെ സ്ഥമായിരുന്ന ഇവിടെ അവരുടെ കുടുയാന്മാരാണ് താമസിച്ചി രുന്നത്. സ്ക്കൂൾ പണിയുന്നതിനുവേണ്ടി അവർ സ്ഥലം ഒഴിഞ്ഞുകൊടുക്കു കയും സ്കൂളിന്റെ എതിർവശത്ത് അവർക്ക് താമസിക്കുവാനുള്ള സ്ഥലം പതിച്ചുകൊടുക്കുകയും ചെയ്തു. 2008-2009 ൽ പ്രീ പ്രൈമറിയും, ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചു. ഇപ്പോൾ 7-ാം ക്ലാസ്സുവരെ ഇംഗ്ലീഷ് മീഡിയവും എൽ.കെ.ജിയും, യു.കെ.ജി.യും പ്രവർത്തിച്ചുവരുന്നു. ഇപ്പോഴത്തെ മാനേജർ എസ്. ബസന്ത്ലാൽ ആണ്. അദ്ദേഹത്തിന്റേയും മാനേജ്മെന്റിന്റേയും, പി.ടി.എ. കമ്മിറ്റിയുടേയും, അദ്ധ്യാപകരുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങൾ സ്ക്കൂളിനെ പൂർവ്വാധികം ഭംഗിയായി മുന്നോട്ട് നയിക്കുന്നു.

# ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്രഗുണമേന്മ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളിൽ അക്കാദമിക നേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിനൊടൊപ്പം കുട്ടിയുടെ മാനസികവും ശാരീരികവും വൈകാരികവുമായ നേട്ടങ്ങൾക്കുകൂടി പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഇടപെടലുകളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതുവഴി വിദ്യാർത്ഥികളിൽ സമഗ്രമായ വളർച്ച ഉണ്ടാകുമെന്നും ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കലാകായിക പ്രവൃത്തി പരിചയത്തിലും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുമെന്ന വിശ്വാസത്തിൽ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും പഠനം കൂടുതൽ ആസ്വാദ്യകരവുമായി മാറ്റുന്നതിനും വിദ്യാർത്ഥികളിൽ അനുരൂപീകരണം സാധ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.
- ഓരോ കുട്ടിക്കും മലയാളത്തിലും, ഇംഗ്ലീഷിലും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുത്തുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികളെ കഴിവുള്ളവരാക്കുക.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും, ഭൗതികസാഹചര്യവും ഒരുക്കി കൊടുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും, പഠനതന്ത്രങ്ങളും ആവിഷ്ക്കരിക്കുക.
- ലക്ഷ്യപഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപ്പശാലകൾ, വിദ്ഗദരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്റ്റുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി വളർത്തുക.
- ആത്മവിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കുക.
- ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി എല്ലാ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം, തുല്യനീതി, സമത്വം ഇവ ഉറപ്പുവരുത്തുക.
- ഇംഗ്ലീഷ് ആശയവിനിമയ ശേഷി വർധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുനടപ്പിലാക്കൽ.
- വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി വായനക്കൂട് പരിപാടി.
- സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് അവധിക്കാല പ്രവർത്തനങ്ങൾ.

# GNANODAYAM UP SCHOOL CHITTANDA
# 2025-2026

| Name of Teachers | Designation | Duties |
|---|---|---|
| Priya V.P | H.M | |
| Lucy C.A | LPST(Senior Teacher) | Discipline |
| Sudha P | Jr. Hindi | Work Experience |
| Jisha C.J | UPST | Staff Secretary |
| Mini V | Jr. Sanskrit | Sahityavedi |
| Soumia P.M | UPST | S.R.G Convenor |
| Swathy K.R | UPST | Social Science Club |
| Khairuneesa K.M | Jr. Urdu | Matrubhumi Seed |
| Murshida T.A | Jr. Arabic | Arabic |
| Ramya E.R | UPST | English Club |
| Abhitha P.K | UPST | Gandidarsan |
| Adheena George | LPST | Vehicle |
| Divya P.V | UPST | Mathematics Club |
| Jaseela C.A | LPST | Health club |
| Prathibha E.B | KG Section | |
| Latha C.B | KG Section | |
| Sunitha T.N | KG Section | |
| Abdul Aseez T.S | O A | |

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | | നിലവിലുള്ളത് |
|---|---|---|
| 1 | ക്ലാസ്സ് മുറി | 25 |
| 2 | ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 16 |
| 3 | പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 16 |
| 4 | കിണർ | 2 |
| 5 | ലൈബ്രറി | 1 |
| 6 | ചുറ്റുമതിൽ | ഉണ്ട് |
| 7 | കളിസ്ഥലം | ഉണ്ട് |
| 8 | അടുക്കള | 1 |
| 9 | കമ്പ്യൂട്ടർ ലാബ് | 1 |
| 10 | സ്ക്കൂൾ ബസ് | 2 |
| 11 | വിഷയ ലാബ് | ഉണ്ട് |
| 12 | സ്റ്റേജ് | ഉണ്ട് |
| 13 | കമ്പ്യൂട്ടർ | 27 |
| 14 | ലാപ് ടോപ്പ് | 18 |
| 15 | സൗണ്ട് സിസ്റ്റം | 2 |
| 16 | പ്രോജക്റ്റർ | 7 |
| 17 | ഗ്രീൻ ബോർഡ് | 2 |
| 18 | ടി.വി. | 1 |
| 19 | സ്മാർട്ട് ക്ലാസ് റൂം | 2 |

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

1. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.

2. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

3. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.

4. പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.

5. കുട്ടികൾക്കാവശ്യമായ ഗൈഡ്‌ലൈൻസ്/കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയമായ മാർഗ്ഗങ്ങളുടെ അഭാവം.

6. വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

7. പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിൽ ലഭ്യമാകുന്നില്ല.

| വിഷയം | 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|---|
| മലയാളം | അക്ഷരങ്ങൾ തിരിച്ചറിയൽ, വായന, എഴുത്ത് | വാക്കുകൾ തിരിച്ചറിയൽ വായന, എഴുത്ത് | വാചകങ്ങൾ, വായന, എഴുത്ത് | സ്വതന്ത്ര വായന എഴുത്ത് | പദസമ്പത്ത് വർദ്ധിപ്പിക്കൽ (സമാനപദങ്ങൾ, എതിർപദങ്ങൾ, നാനാർത്ഥങ്ങൾ) | തെറ്റ് കൂടാതെ വായന, എഴുത്ത്, സംഭാഷണം | ആഴത്തിലും പരപ്പിലുമുള്ള വായന, എഴുത്ത് |
| ഗണിതം | 1–20 വരെ സംഖ്യാബോധം സങ്കലനം വ്യവകലനം (രണ്ടക്കം) | 1–100 വരെ സംഖ്യാബോധം പുനക്രമീകരണം ഉൾപ്പെടെയുള്ള സങ്കലം വ്യവകലനം | 1–1000 വരെ സംഖ്യാബോധം ചതുഷ്ക്രിയാ അടിസ്ഥാനം | 10000 വരെ സംഖ്യ ബോധം ചതുഷ് ക്രിയകൾ | അടിസ്ഥാന ഗണിതക്രിയാ ശേഷി നേടൽ അടിസ്ഥാനഗണിത തത്ത്വങ്ങളുടെ പഠനം | അടിസ്ഥാന ഗണിത ക്രിയാശേഷി നേടൽ അടിസ്ഥാന ഗണിത തത്ത്വങ്ങളുടെ പഠനം | അഞ്ചക്ക സംഖ്യകൾ കൊണ്ടുള്ള ചതുഷ്ക്രിയകൾ ഗണിത തത്ത്വങ്ങൾ |
| ഇംഗ്ലീഷ് | ലളിതമായ വാക്കുകൾ വാക്യങ്ങൾ (വാചകങ്ങൾ) | ലളിതമായ വാക്കുകൾ, വാക്യങ്ങൾ (ലേഖനം) പദസമ്പത്ത് വർദ്ധനവ് | ലളിതമായ സംഭാഷണ ത്തിൽ ഏർപ്പെടൽ | ഭാഷാ പ്രയോഗം പ്രായോ ഗിക തലം | അടിസ്ഥാന വ്യാകരണം തുടക്കം | അടിസ്ഥാന വ്യാകരണം വിപുലീകരണം | അടിസ്ഥാന വ്യാകരണം എഴുത്ത്, പ്രയോഗം |
| ശാസ്ത്രം | നിരീക്ഷണം, പരീക്ഷണം, വർഗ്ഗീകരണം, പ്രശ്നാപഗ്രഥനം, നിഗമനം | | | | ശാസ്ത്ര ബോധം | ശാസ്ത്ര ലോകം തിരിച്ചറിവ് | പ്രായോഗിക ജീവിതത്തിൽ ശാസ്ത്രത്തിന്റെ പ്രയോഗം |
| സാമൂഹ്യ ശാസ്ത്രം | | | | | ചരിത്രം, സംസ്കാരം, സൂക്ഷ്മതല പഠനം, സാമൂഹ്യ ശാസ്ത്ര അവബോധം | ഭൂമി, ചരിത്ര സംസ്കാരം, പരിചയപെടൽ, പഠനം | ഗുണപരമായ സാമൂഹ്യ പ്രവർത്ത നങ്ങൾ ഇടപെടൽ |
| ഹിന്ദി | | | | | സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, പദസമ്പത്ത് വർദ്ധനവ് ലളിതവാചകങ്ങൾ ചേർത്ത് സംഭാഷണം | വാക്കുകൾ, വാക്യങ്ങൾ (തുടക്കം) എഴുത്ത് ലേഖനം | ഹിന്ദി സംസാരി ക്കുന്നു |